# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**


തീയതി: 13.03.2026

# പ്രസിദ്ധീകരണത്തിന്

## 1. സംസ്കൃത സർവകലാശാലയിലെ 17 വിദ്യാർത്ഥികൾക്ക് മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ 17 വിദ്യാർത്ഥികൾക്ക് 2022 - 23, 2023 - 24 വർഷങ്ങളിലെ മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം ലഭിച്ചു. ഗ്രേസ് പി. ജോൺസ് (ഹിസ്റ്ററി), മുഹമ്മദ് മുബഷീർ (ഹിസ്റ്ററി), അതില ടി. വി. (കമ്പാരറ്റീവ് ലിറ്ററേച്ചർ), അമ്പിളി എസ്. (സംസ്കൃതം സാഹിത്യം), ദൃശ്യ കെ. പി. (സംസ്കൃതം വേദാന്തം), റിമ പ്രകാശ് (മോഹിനിയാട്ടം), സൗമ്യ എൽ. എ. (സംസ്കൃതം വേദാന്തം), ഗായത്രി കെ. ഐ. (സംസ്കൃതം സാഹിത്യം), അർഷദ കെ. (സൈക്കോളജി), രേവതി കെ., ആവണി വി.പി. (സംസ്കൃതം ജനറൽ), റംസിയ കെ. വി., (ഇംഗ്ലീഷ്), ശിവപ്രിയ, സുമേഘ ടി. എസ്. (മലയാളം), മീനു ടി.വി. (മ്യൂസിക്), ദേവു കൃഷ്ണ എസ്., (സോഷ്യൽ വർക്ക് & ഡിസാസ്റ്റർ മാനേജ്മെന്റ്), രസ്ന എം.(സോഷ്യോളജി), എന്നിവർക്കാണ് മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം ലഭിച്ചത്. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവുമാണ് പുരസ്കാരം. രണ്ടര ലക്ഷം രൂപയിൽ കുറവ് വാർഷിക കുടുംബ വരുമാനമുള്ള ആയിരം വിദ്യാർത്ഥികളെ വീതമാണ് ഓരോ വർഷവും തിരഞ്ഞെടുക്കുക. മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം നേടിയ വിദ്യാർത്ഥികളെ വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് അനുമോദിച്ചു.

സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ 2022-23, 23-24 വിദ്യാഭ്യാസവർഷങ്ങളിൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾക്കാണ് മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം നൽകിയിരിക്കുന്നത്. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ ചരിത്രത്തിലെ സാമൂഹ്യനീതി ഇടപെടലുകളിൽ നാഴികക്കല്ലായാണ് 'മുഖ്യമന്ത്രിയുടെ വിദ്യാർഥിപ്രതിഭാ പുരസ്കാര'ത്തിന് സർക്കാർ 2021-22 വിദ്യാഭ്യാസ വർഷത്തിൽ തുടക്കം കുറിച്ചത്. ഓരോ സർവകലാശാലയിലും വിവിധ പഠന വിഷയങ്ങളിൽ ഏറ്റവും ഉയർന്ന മാർക്കോടെ ബിരുദം നേടിയിറങ്ങിയവർക്ക്, ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഈ പുരസ്കാരം രാജ്യത്ത് തന്നെ ആദ്യമായി നടപ്പാക്കുന്നത് കേരളത്തിലാണ്.

## 2. സംസ്കൃത സർവകലാശാലയിൽ ടാഗോർ ദേശീയ സെമിനാർ 18ന്

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സെന്റർ ഫോർ രവീന്ദ്രനാഥ് ടാഗോർ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 18ന് രാവിലെ ഒൻപതിന് കാലടി മുഖ്യ കാമ്പസിലെ ലാംഗ്വേജ് ബ്ലോക്കിൽ ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. 'രവീന്ദ്രനാഥ ടാഗോറിന്റെ വിവിധ ലോകങ്ങൾ' എന്നതാണ് ദേശീയ സെമിനാറിന്റെ വിഷയം. വൈസ്

ചാൻസലർ പ്രൊഫ. സിസ തോമസ് ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യും. രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് അധ്യക്ഷനായിരിക്കും. സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു മുഖ്യ പ്രഭാഷണം നിർവ്വഹിക്കും. പ്രൊഫ. രാജി ബി. നായർ, പ്രൊഫ. സി. എം. മനോജ്കുമാർ, പ്രൊഫ. സജിത കെ. ആർ, പ്രൊഫ. ആർ. ഡി. സുനിൽ കുമാർ, പ്രൊഫ. മഞ്ജു ഗോപാൽ, ഡോ. ടി. ജി. ജ്യോതിലാൽ, ശ്യാംജിത്ത് കെ. എന്നിവർ പ്രസംഗിക്കും. പ്രൊഫ. അമൃത് സെൻ, പ്രൊഫ. പി. സി. മുരളീമാധവൻ, പ്രൊഫ. ശ്രീകല എം. നായർ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. കൃഷ്ണപ്രസാദ് എം., പ്രൊഫ. അംബിക കെ. ആർ, മരിയ മാത്യൂസ്, പ്രൊഫ. സൂസൻ തോമസ്, ഐശ്വര്യ സുരേഷ് കുമാർ, ഡോ. ബിന്ദു ആർ,, ധന്യ പി. എന്നിവർ വിവിധ സെഷനുകളിൽ പ്രസംഗിക്കും.

## 3. സംസ്കൃത സർവകലാശാല : പി. ജി. (പി. ജി. ഡിപ്ലോമ, ഡിപ്ലോമ) പരീക്ഷകൾ ഏപ്രിൽ ആറിന് തുടങ്ങും

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ എം. എ./എം. എസ്. സി./എം. പി. ഇ. എസ്./എം. എസ്. ഡബ്ല്യു/എം. എഫ്. എ. ഉൾപ്പടെയുള്ള വിവിധ പി.ജി. കോഴ്സുകളുടെ രണ്ടും, നാലും സെമസ്റ്റർ പരീക്ഷകൾ ഏപ്രിൽ ആറിന് തുടങ്ങുമെന്ന് സർവ്വകലാശാല അറിയിച്ചു. രണ്ടാം സെമസ്റ്റർ പി. ജി. ഡിപ്ലോമ ഇൻ വെൽനസ് ആൻഡ് സ്പാ മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ആയുർവേദ പഞ്ചകർമ്മ ആൻഡ് ഇന്റർ നാഷണൽ സ്പാ തെറാപ്പി പരീക്ഷകൾ ഏപ്രിൽ ആറിനും രണ്ടാം സെമസ്റ്റർ പി. ജി. ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ ആൻഡ് ഓഫീസ് പ്രൊസീഡിംഗ്സ് ഇൻ ഹിന്ദി, പി. ജി. ഡിപ്ലോമ ഇൻ മാനുസ്ക്രിപ്റ്റോളജി പരീക്ഷകൾ ഏപ്രിൽ 10നും ആരംഭിക്കും.

## 4. സംസ്കൃത സർവകലാശാല : എഫ്. വൈ. യു. ജി. പി. പരീക്ഷകൾ ഏപ്രിൽ ആറിന് തുടങ്ങും

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ രണ്ടും നാലും സെമസ്റ്റർ എഫ്. വൈ. യു. ജി. പി പരീക്ഷകൾ ഏപ്രിൽ ആറിന് ആരംഭിക്കുമെന്ന് സർവ്വകലാശാല അറിയിച്ചു.

## 5. സംസ്കൃത സർവകലാശാലയിൽ അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു : കെ. സരസ്വതിയമ്മ അനുസ്മരണം നടത്തി

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ മലയാളം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനവും കെ. സരസ്വതിയമ്മ അനുസ്മരണവും സംഘടിപ്പിച്ചു. കാലടി മുഖ്യ കാമ്പസിലുള്ള ലാംഗ്വേജ് ബ്ലോക്കിൽ നടത്തിയ പരിപാടിയിൽ സി. എസ് ചന്ദ്രിക, കെ. സരസ്വതിയമ്മ അനുസ്മരണ പ്രഭാഷണം നിർവ്വഹിച്ചു. പ്രൊഫ. സജിത കെ ആർ അധ്യക്ഷയായിരുന്നു. ഡോ. സംഗീത തിരുവൾ പി. പി, നിരഞ്ജന വിശ്വം

എന്നിവർ പ്രസംഗിച്ചു. മലയാളം വിഭാഗം വിദ്യാർത്ഥികളുടെ 'പാർവൈ' നാടകവേദിയുടെ ആഭിമുഖ്യത്തിൽ കെ. സരസ്വതിയമ്മയുടെ 'ദേവദൂതി ' എന്ന നാടകത്തിന്റെ ദൃശ്യാവിഷ്കാരവും നടന്നു. കെ.സരസ്വതിയമ്മ കൃതികളിലെ പെൺലോകം എന്ന വിഷയത്തിൽ സംസ്ഥാനത്തെ കോളേജ്/യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കായി നടത്തിയ പ്രബന്ധ മത്സരത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടിയ ലിലിയാ രാജൻ (കേരള സർവ്വകലാശാല), ഹരിത. എസ് (കേരള സർവ്വകലാശാല), നീനു അശോകൻ (യു. സി കോളേജ്, ആലുവ) എന്നിവർക്ക് സി. എസ്. ചന്ദ്രിക സമ്മാനങ്ങൾ വിതരണം ചെയ്തു.


**ജലീഷ് പീറ്റർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോൺ നം. 9447123075